LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ആരംഭിച്ച സബ് രജിസ്ട്രാർ ഓഫീസുകൾ

149 [974] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എവിടെയെല്ലാമാണ് സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ഈ സാമ്പത്തിക വർഷം പുതുതായി സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) പുതുതായി സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കുന്നതിനു നിലവിലുള്ള മാനദണ്ഡം വെളിപ്പെടുത്താമോ;

(ഇ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി കേന്ദ്രീകരിച്ച് പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ രജിസ്ട്രേഷൻ ഐ. ജി. ആഫീസിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി പഞ്ചായത്തിൽ സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഈ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) പൊതുജനങ്ങളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പൊതുവായ മാനദണ്ഡങ്ങൾ. എങ്കിലും ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തു മാത്രമേ പുതിയതായി ആഫീസുകൾ തുടങ്ങുവാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്.

(എഫ് ആന്റ് ജി) പുതിയതായി ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഇതുവരെയും ഗവൺമെന്റ് തീരുമാനം എടുത്തിട്ടില്ല.

പാലക്കാട് വല്ലപ്പുഴ വില്ലേജ് ഓഫീസ് കെട്ടിടം

150 [975] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വല്ലപ്പുഴ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുവാൻ ഗ്രാമവികസന വകുപ്പിന്റെ വി.ഇ. ഓഫീസ് വളപ്പിൽ നിന്ന് സ്ഥലം അനുവദിക്കാൻ നിവേദനം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലം പ്രസ്തുത ആവശ്യത്തിലേക്ക് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രത്തിലെ ജീവനക്കാരന് നൽകുന്ന വേതനം

151 [976] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഖാദിബോർഡിന്റെ തേൻ സംഭരണ കേന്ദ്രത്തിൽ 25 വർഷത്തിലധികമായി ജോലി ചെയ്യുന്ന ശ്രീ. ചെക്കിണിക്ക് നൽകുന്ന വേതനം എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ വിഷയം സംബന്ധിച്ച് ലേബർ കോടതിയിൽ നിന്ന് എന്തെങ്കിലും വിധി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 90 രൂപ ദിവസ വേതനം.

(ബി) കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബൂണലിന്റെ വിധി ഉണ്ട്. ശ്രീ. ചെക്കിണിയെ 5-2-1999 മുതൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പള സ്കെയിലിൽ ബോർഡിൽ റഗുലറൈസ് ചെയ്യണമെന്ന് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബൂണൽ വിധിച്ചിരുന്നു.

(സി) ശ്രീ. ചെക്കിണി ഖാദിബോർഡിന്റെ കീഴിലുള്ള ഉൽപ്പാദന കേന്ദ്രത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ആളായതുകൊണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ ബോർഡ് ബഹു: ഹൈക്കോടതി മുമ്പാകെ ഒ.പി. ഫയൽ ചെയ്തു. ടി ഒ.പി. പരിശോധിച്ച് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി ശരിവച്ച് 17-10-2003-ൽ ബഹു. ഹൈക്കോടതി ഉത്തരവായി. ഈ ഉത്തരവിനെതിരെ 2/04-ൽ ഡബ്ല്യു.പി. നം. 419/04 പ്രകാരം ബോർഡ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയുടെ ഉത്തരവ് വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly